ശരണവഴിയിലൊരു പുണ്യമായി ഡോക്ടർ

ജ്യോതിഷ്കുമാർ മലയാലപ്പുഴ

ആശ്രമത്തിൻെറ ഗേറ്റിൽ കാവൽക്കാരില്ല. ഗേറ്റ് എപ്പോഴും തുറന്നുകിടക്കും. ചെറുതും വലുതുമായ നൂറിലേറെ വാഹനങ്ങൾക്ക് സൗകര്യമായി പാർക്കുചെയ്യാം. നാലുകെട്ടുമാതൃകയിൽ നിർമിച്ച കെട്ടിടത്തിൽ വലിയ രണ്ടു ഹാളുകൾ അയ്യപ്പൻമാർക്കു വിശ്രമിക്കാനുള്ളതാണ്. വിലകൂടിയ മാർബിൾ പാകി, വെടിപ്പാക്കിയ ഇവിടെ ഇരുനൂറ്റിഅൻപതു പേർക്കു കിടക്കാം. പായയും ബെഡ്ഷീറ്റും തലയിണയുമെല്ലാം സൗജന്യം



● ഡോക്ടർ എസ്. എൻ. നമ്പൂതിരി കക്കാട്ടാറിൻെറ തീരത്തെ ആശ്രമത്തിൽ

ഇന്ന്, വൃശ്ചികപ്പുലരിയിൽ ശബരിമല മേൽശാന്തി സോപാനത്തെ മണിനാദം മുഴക്കി ഭഗവാനെ ധ്യാനത്തിൽ നിന്ന് ഉണർത്തിയതോടെ ശരണവഴികളും ഉണർന്നുഷാറാവുകയാണ്. ഇനി മകരം അഞ്ചുവരെ നാടെങ്ങും ശരണംവിളികളാൽ മുഖരിതം.

മൈലുകൾ താണ്ടി മലകയറാൻ എത്തുന്ന അയ്യപ്പഭക്തർക്ക് സൗകര്യമൊരുക്കുന്ന കാര്യത്തിൽ അധികൃതർ എന്നും വിവാദത്തിൻെറ മുൾമുനയിൽ നിൽക്കുമ്പോൾ, ഇതാ ഭക്തർക്കായി എല്ലാം ഒരുക്കി ഒരു ഡോക്ടർ കാത്തിരിക്കുന്നു.പത്തനംതിട്ട ജില്ലയിലെ പെരുനാട് ഗ്രാമത്തിൽ കക്കാട്ടാറിൻെറ തീരത്ത് ഒന്നരയേക്കറോളം വിസ്തൃതിയുള്ള സ്ഥലത്ത് ആശ്രമം തീർത്ത് സൗജന്യസൗകര്യമൊരുക്കിയാണ് ഡോ. എസ്.എൻ.നമ്പൂതിരി കാത്തിരിക്കുന്നത്.

ഈ ആശ്രമത്തിൻെറ ഗേറ്റിൽ കാവൽക്കാരില്ല. ഗേറ്റ് എപ്പോഴും തുറന്നു കിടക്കും. മുറ്റം മുഴുവനായി കോൺക്രീറ്റ് ചെയ്തിരിക്കുന്നു. ചെറുതും വലുതുമായ നൂറിലേറെ വാഹനങ്ങൾക്ക് സൗകര്യമായി പാർക്കുചെയ്യാം. നാലുകെട്ടു മാതൃകയിൽ നിർമിച്ച കെട്ടിടത്തിൽ വലിയ രണ്ടു ഹാളുകൾ അയ്യപ്പൻമാർക്കു വിശ്രമിക്കാനുള്ളതാണ്. വിലകൂടിയ മാർബിൾ പാകി, വെടിപ്പാക്കിയതാണ് ഏതുഭാഗവും. കിടക്കാൻ ഇരുനൂറ്റി അൻപത് പായയും ബെഡ്ഷീറ്റും തലയിണയും ലഭ്യം.

എത്രവലിയ തീർഥാടക സംഘത്തിനും ഭക്ഷണം പാചകം ചെയ്യാനുള്ള പാത്രങ്ങൾ യഥേഷ്ടം. പാചകപ്പുരയും തയ്യാർ. ആശ്രമത്തിനു ചുറ്റും വാഴകൃഷിയുണ്ട്. തെങ്ങുകൾ വളർന്നുവരുന്നു. സമൃദ്ധമായി കപ്പയും വളരുന്നു. അയ്യപ്പഭക്തൻമാർക്കു വിളവുള്ളവ നോക്കി പിഴുതെടുക്കാം. ആശ്രമത്തിൻെറ വലതുവശത്തുള്ള ദേവീക്ഷേത്രത്തിൻെറ തിരുമുറ്റത്തു വെള്ളരി പടർന്നുപന്തലിച്ചുകിടക്കുന്നു. നിറയെ കായ്കൾ. മുൻ ഗേറ്റിൻെറ ഇടതുവശത്തു താമരക്കുളം. ആശ്രമത്തിനു മുമ്പിലുള്ള കിണർ കടുത്ത വരൾച്ചയിലും വറ്റാത്തതാണ്. അയ്യപ്പഭക്തൻമാർക്കു കുളിച്ചു ശുദ്ധിവരുത്താൻ കക്കാട്ടാറിലേക്കിറങ്ങാൻ പാതയൊരുക്കിയിരിക്കുന്നു.

രണ്ടുവർഷം മുമ്പു കക്കാട്ടാറിൻെറ

● ആശ്രമത്തിലെ ക്ഷേത്രം

തീരത്തെ കാടുപിടിച്ചുകിടന്ന പ്രദേശമാണിന്ന് ഈ നിലയിലാക്കിയത്. പത്തനംതിട്ട ജില്ലയിലെ പെരുനാട് എരുവാറ്റുപുഴ ഒരു ആത്മീയ കേന്ദ്രമാക്കണമെന്നതു നിയോഗമായിരിക്കാം. അല്ലെങ്കിൽ എങ്ങനെ മൂഴിയാറിൽനിന്ന് ഉൽഭവിച്ച് പമ്പാനദിയിൽ ചേരുന്നതിനിടെ എത്രയോ കിലോമീറ്ററുകൾ താണ്ടിയ ഈ നദിയുടെ എരുവാറ്റുപുഴയോരം മാത്രം ഡോ. എസ്.എൻ.നമ്പൂതിരിയുടെ ഹൃദയതരംഗ ദൈർഘ്യവുമായി താദാത്മ്യം പ്രാപിച്ചു!

കൊല്ലം ജില്ലയിലെ വെളിയം മങ്കുന്നത്ത് മഠത്തിലെ ഡോ.എസ്.എൻ.നമ്പൂതിരി(76)യുടെ പൂർവീകർ മലബാറിൽ നിന്നു കുടിയേറിയവരാണ്. മുറജപത്തിന് ആളില്ലാതെ വന്നപ്പോൾ മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂറിലേക്കു കൂട്ടിക്കൊണ്ടുവന്നവർ. മങ്കുന്നത്തു കുടുംബത്തിലാണ്, ഒരുപക്ഷേ കേരളത്തിൽ ഏറ്റവും കൂടുതൽ ഭിഷഗ്വരൻമാരുള്ളത്. പിതാവ് ശംഭുനമ്പൂതിരി ഡോക്ടറായിരുന്നു. അദ്ദേഹമാണു വെളിയത്തു യോഗക്ഷേമ ആശുപത്രി ആരംഭിച്ചത്.

ഇന്നു 13 ഡോക്ടർമാരുണ്ട് തറവാട്ടിൽ. ഡോ. യോഗദത്തൻ നമ്പൂതിരി, ഡോ.യോഗനാഥൻ നമ്പൂതിരി, ഡോ. യോഗഭദ്രൻ നമ്പൂതിരി. മകൾ യോഗവതി അന്തർജനം മാത്രം ഡോക്ടറല്ല. എന്നാൽ ഭർത്താവ് ഡോ.എൻ.എൻ.മുരളി (മുൻ പത്തനംതിട്ട ഡി.എം.ഒ) മക്കളായ ഡോ. ദ്രൗപതി, ഡോ. പത്മിനി (കേരള സർവകലാശാലാ മുൻ കലാതിലകങ്ങൾ) എന്നിവർ ആ കുറവ് നികത്തുന്നു. ദ്രൗപതിയുടെയും പത്മിനിയുടെയും ഭർത്താക്കൻമാരും ഡോക്ടർമാർ. തീർന്നില്ല, ഡോ. എസ്. എൻ.നമ്പൂതിരിയുടെ സഹോദരൻ ഡോ. നമ്പൂതിരിയും വേറിട്ട വഴിയിലല്ല.

(ശേഷം പേജ് 3)

സമ്പൂർണ മലയാളസാഹിത്യ ചരിത്രവും മലയാള സാഹിത്യ നിരൂപണവും

പ്രൊഫ. അമ്പലപ്പുഴ രാമവർമ

സാഹിത്യ പ്രേമികൾക്കും വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും ഒന്നുപോലെ പ്രയോജനപ്പെടുന്ന രണ്ടു ബ്രഹത്തായ കൃതികളാണ് പ്രൊഫ. പന്മന രാമചന്ദ്രൻനായർ എഡിറ്റ് ചെയ്ത് പി.കെ. പരമേശ്വരൻനായർ സ്മാരകട്രസ്റ്റ് പ്രസിദ്ധപ്പെടുത്തിയ സമ്പൂർണ മലയാള സാഹിത്യ ചരിത്രവും മലയാള സാഹിത്യ നിരൂപണവും. 1991-ൽ സ്ഥാപിതമായ ട്രസ്റ്റിൻെറ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും മലയാളസാഹിത്യത്തിൻെറ ബഹുമുഖമായ വശങ്ങളെക്കുറിച്ചും സ്വഭാവങ്ങളെക്കുറിച്ചും കാലഘട്ടങ്ങളെക്കുറിച്ചും സാഹിത്യകാരന്മാരെക്കുറിച്ചും സമഗ്ര പഠനത്തിന് ഇത്ര മാത്രം ഉതകുന്നതുമായ സാഹിത്യചരിത്രം മറ്റൊന്നുണ്ടെന്നു തോന്നുന്നില്ല.

ഇങ്ങനെയൊരു ഗ്രന്ഥത്തിനായി നാല്പത്തിയഞ്ചു പ്രഗല്ഭരായ സാഹിത്യകാരന്മാരുടെ സഹകരണം ട്രസ്റ്റ് തേടി. അവരെല്ലാവരും ആത്മാർഥമായി സഹകരിച്ചു. അൻപത്തിനാലു പ്രൗഢപ്രബന്ധങ്ങളാണ് തയാറാക്കിയത്. ഇവയെ പൂർവാപരക്രമമനുസരിച്ചു തരംതിരിച്ച് അനുവാചകർക്കു സഹായകമായ രീതിയിൽ എഡിറ്റു ചെയ്യുന്നതിൽ പ്രൊഫ. പന്മന വളരെയേറെ നിഷ്കർഷ പുലർത്തി.

അഞ്ചുഭാഗങ്ങളിലെ ഒന്നാംഭാഗത്തിൽ 14- ാം നൂറ്റാണ്ടുവരെയുള്ള സാഹിത്യചരിത്രമാണ് പ്രതിപാദിക്കുന്നത്. ഭാഷയുടെ ഉത്പത്തി, പാട്ട്, മണിപ്രവാളം എന്നീ പ്രസ്ഥാനങ്ങൾ, പ്രാചീന ഗദ്യ സാഹിത്യം, മണിപ്രവാളചമ്പുക്കൾ, രാമചരിതം, ഭാഷാകൗടലീയം, ലീലാതിലകം, ഉണ്ണുനീലീ സന്ദേശം, നാടൻപാട്ടുകൾ മുതലായവയെക്കുറിച്ചുള്ള പഠനങ്ങൾ ഇതിൽ കാണാം.

രണ്ടാം ഭാഗത്തിൽ 15- ഉം 16- ഉം നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന ചെറുശേരി, പുനം, മഴമംഗലം, കണ്ണശകവികൾ, എഴുത്തച്ഛൻ, പൂന്താനം എന്നീ കവികളുടെ സംഭാവനകളെ വിലയിരുത്തുന്നു.

കൃഷ്ണഗാഥ, ഭാഷാ രാമായണചമ്പു, ഭാഷാ നൈഷധ ചമ്പു, കണ്ണശന്മാരുടെ രാമായണം, ഭാരതം, ഭാഗവതം, ഭഗവത്ഗീത എന്നീ കൃതികൾ, എഴുത്തച്ഛൻെറയും പൂന്താനത്തിൻെറയും കൃതികൾ, ചന്ദ്രോത്സവം എന്നിവയാണ് ഈ കാലഘട്ടത്തിലെ പ്രധാന സാഹിത്യ സംഭാവനകൾ. 17 ഉം 18 ഉം നൂറ്റാണ്ടുകളിലെ സാഹിത്യ ചരിത്രം മൂന്നാംഭാഗത്തിൽ പ്രതിപാദിക്കുന്നു. ആട്ടക്കഥ, തുള്ളൽ, വഞ്ചിപ്പാട്ട് എന്നീ പ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിലാണ് ഉടലെടുക്കുന്നത്. കോട്ടയത്തു തമ്പുരാൻ, ഉണ്ണായിവാര്യർ, കുഞ്ചൻനമ്പ്യാർ, രാമപുരത്തുവാര്യർ എന്നിവരാണ് അക്കാലത്തെ പ്രമുഖ കവികൾ. 19- ാം നറ്റാണ്ടിൽ കലാസാഹിത്യരംഗത്തുണ്ടായിട്ടുള്ള വികാസങ്ങളെക്കുറിച്ചാണ് നാലാം ഭാഗത്തിലെ പ്രതിപാദ്യം. ഇക്കാലത്ത് സ്വാതിതിരുനാൾ കലാരംഗത്തും വെൺമണി നമ്പൂതിരിമാർ കാവ്യരംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകി. ഗദ്യശാഖയും അഭിവൃദ്ധിപ്പെട്ടു. ചെറുകഥ, നോവൽ, നാടകം എന്നീ പ്രസ്ഥാനങ്ങളും വളർന്നു.

അഞ്ചാം ഭാഗത്തിലാണ് ആധുനിക മലയാള സാഹിത്യത്തിൻെറ അഭൂതപൂർവമായ വികാസ ചരിത്രം. കവിത, ചെറുകഥ, നോവൽ, നാടകം, ഉപന്യാസം, ജീവചരിത്രം, ആത്മകഥ, സഞ്ചാര സാഹിത്യം, ശാസ്ത്രസാഹിത്യം, ബാലസാഹിത്യം, ഗവേഷണം മുതലായ വിവിധ ശാഖകളിൽകൂടി മലയാള സാഹിത്യം വികസിതമായി. നിരൂപണശാഖയ്ക്ക് ഇവിടെ സ്ഥാനം കൊടുക്കാഞ്ഞത്, അതിനെ മാത്രം ആധാരമാക്കിക്കൊണ്ടുള്ള മറ്റൊരു ബൃഹത്തായ കൃതി ഇതോടൊന്നിച്ചു പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ടാണ്. മലയാള സാഹിത്യ നിരൂപണം എന്ന ആ പുസ്തകത്തിൽ, ഇരുപത്തിരണ്ടു പ്രശസ്ത നിരൂപകന്മാർ എഴുതിയിട്ടുള്ള ഈടുറ്റ പഠനങ്ങളുണ്ട്. മൂന്നു ഭാഗങ്ങളായിട്ടാണ് ഇതിനെ തരംതിരിച്ചിരിക്കുന്നത്. ഇങ്ങനെ വിപുലമായ മലയാള സാഹിത്യത്തിൻെറ ഓരോ കാലഘട്ടത്തിൻെറയും സാംസ്കാരിക പശ്ചാത്തലം, അതാതു കാലത്ത് ഉടലെടുത്തിട്ടുള്ള സാഹിത്യ പ്രസ്ഥാനങ്ങൾ, അവയുടെ സ്വഭാവവിശേഷങ്ങൾ, പ്രശസ്തരായ കവികൾ, ഗ്രന്ഥകാരന്മാർ, അവരുടെ കൃതികൾ മുതലായവയെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ പഠനങ്ങളും നിരൂപണങ്ങളുമാണ് മുൻപറഞ്ഞ രണ്ടു ബൃഹത് കൃതികളിൽകൂടി പി.കെ. പരമേശ്വരൻനായർ സ്മാരക ട്രസ്റ്റ് സാഹിത്യ കേരളത്തിനു സമർപ്പിച്ചിട്ടുള്ളത്.

മലയാളത്തിൽ ഇതിനു മുമ്പുണ്ടായിട്ടുള്ള സാഹിത്യ ചരിത്രങ്ങളിൽ ഈ പ്രസിദ്ധീകരണത്തിനുള്ള പ്രസക്തിയും പ്രാധാന്യവും എന്തെന്നുകൂടി ഇവിടെ വിശദമാക്കാം. ഈ സാഹിത്യശാഖയിൽ കൈവച്ച പ്രഗല്ഭമതികളാണ് സർവാധികാര്യക്കാരായിരുന്ന പി. ഗോവിന്ദപ്പിള്ള (ആദ്യത്തെ ഭാഷാചരിത്രകാരൻ), ആർ.നാരായണപ്പണിക്കർ, ഡോ. ചേലനാട് അച്യുതമേനോൻ, പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ, ആറ്റൂർ കൃഷ്ണപ്പിഷാരടി, മഹാകവി ഉള്ളൂർ, വടക്കുംകൂർ രാജരാജവർമ, വിദ്വാൻ ടി.എം. ചുമ്മാർ എന്നിവർ. ഇവരെക്കൂടാതെ പ്രശസ്തരായ ചില സാഹിത്യകാരന്മാർ നോവൽ, ചെറുകഥ, നാടകം, വിലാപകാവ്യങ്ങൾ തുടങ്ങിയ സാഹിത്യശാഖകളെക്കുറിച്ച് പ്രത്യേകമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഡോ. കെ.എം. ജോർജ് ജനറൽ എഡിറ്ററായി സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്നൊരു ഗ്രന്ഥം എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധരായ പലരുടെയും പ്രബന്ധങ്ങളാണ് ഇതിൽ ചേർത്തിരിക്കുന്നത്. ഇനിയും ചിലരുടെ പേരുകൾ പറയുന്നുണ്ടെങ്കിലും വിസ്താരഭയത്താൽ അവയെ വിടുന്നു.

ഇപ്പറഞ്ഞ സാഹിത്യചരിത്രങ്ങൾക്കെല്ലം പലതരത്തിലുള്ള മേന്മകൾ ഉണ്ടെങ്കിലും അവയോടൊപ്പം ചില പോരായ്മകളും അപൂർണതകളുംകൂടി സഹൃദയ ദൃഷ്ടിയിൽ പ്പെടാതിരിക്കയില്ല. സ്വാഭാവികമായും ഏകപക്ഷീയമായ വീക്ഷണഗതിയാണ് അവയിൽ പ്രതിഫലിച്ചുകാണുന്നത്. എന്നാൽ അനേകംപേരുടെ സംയുക്തമായ പരിശ്രമങ്ങൾ ഉണ്ടാവുമ്പോൾ അവയ്ക്ക് വിശ്വാസ്യതയും സമഗ്രതയും കൂടും. മഹാകവി ഉള്ളൂരിൻെറ കേരള സാഹിത്യ ചരിത്രമാണ് (അഞ്ചു വാല്യങ്ങൾ) ഇതേവരെ ഇറങ്ങിയിട്ടുള്ള സാഹിത്യ ചരിത്രം സംബന്ധമായ രചനകളിൽ ഗുണമേന്മകൊണ്ട് മുന്നിട്ടുനിൽക്കുന്നത്. സൂക്ഷ്മമായ പഠന ഗവേഷണങ്ങൾകൊണ്ട് ഉറപ്പുവരുത്തിയ ആ കൃതി ആധികാരികതയിലും മികച്ചുനിൽക്കുന്നു. എങ്കിലും ഇന്നത്തെ നിലയ്ക്ക് അത് അപൂർണമാണ്.

ഈ വക കുറവുകളെയെല്ലാം പരിഹരിച്ച് കഴിയുന്നത്ര ദോഷരഹിതവും സർവതലസ്പർശിയുമായ ഒരു ബൃഹത് സാഹിത്യ ചരിത്രത്തിൻെറ നിർമിതിയാണ് പി.കെ. പരമേശ്വരൻനായർ സ്മാരക ട്രസ്റ്റ് നിർവഹിച്ചിട്ടുള്ളത്. രണ്ടു വിശിഷ്ട ഗ്രന്ഥങ്ങളേയും കേരളീയ സഹൃദയലോകം സഹർഷം സ്വാഗതം ചെയ്യുമെന്നാണ് എൻെറ വിശ്വാസം.

വിതരണം: കറൻറ് ബുക്സ്
സമ്പൂർണ മലയാള സാഹിത്യചരിത്രം-
പേജ് 926. വില: 395.00

2008 നവംബർ 16 മുതൽ 22 വരെ

ഡോ. പി.എസ്. മനോജ്കുമാർ

അശ്വതി: തൊഴിൽ ഉന്നതി. ധനാഗമ മാർഗത്തിനുള്ള വഴിതെളിയും. ബിസിനസിൽ വിജയിക്കും. വാഹന ഏജൻസിയിൽ നേട്ടം. സന്താനങ്ങൾക്ക് വിവാഹം, ഉന്നതി ഇവയുണ്ടാകും. സൈനസിറ്റിസ് അനുഭവപ്പെടും. പിതാവിന് രോഗാദി ദുരിതമുണ്ടാകും.

ഭരണി: ഔദ്യോഗികരംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാകും. വാഹന, ഗൃഹഭാഗ്യമുണ്ട്. കലാരംഗത്ത് അംഗീകാരയോഗം. വിദേശയാത്രയിൽ ഗുണം ലഭിക്കും. പുണ്യതീർഥാടന ഭാഗ്യമുണ്ട്. മാതാവിന് രോഗപീഡയ്ക്കിടയുണ്ട്. ശത്രുക്കൾ വർധിക്കും. ബുധനാഴ്ച നൂതന സംരംഭത്തിന് നന്നല്ല.

കാർത്തിക: ശുഭകർമയോഗം. രാഷ്ട്രീയത്തിൽ സ്ഥാനലബ്ധി, സന്താനങ്ങൾക്ക് ഉന്നതി ഇവയ്ക്കു യോഗമുണ്ട്. ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തണം. വിശ്വസിച്ചവരിൽ നിന്നു ചതിവ് പറ്റും. കടബാധ്യത, മാനസികക്ലേശം സൃഷ്ടിക്കും. വിദ്യാർഥികൾക്ക് ഉറക്കം, അലസത ഇവ കൂടും. ഊഹക്കച്ചവടം നന്നല്ല.

രോഹിണി: ജീവിതപങ്കാളിക്ക് തൊഴിൽ മേന്മയുണ്ടാകും. ഗൃഹഭൂമി ഭാഗ്യമുണ്ട്. പരസ്യമേഖലയിൽ ലാഭം കൂടും. ബിസിനസിൽ സുഹൃത് സഹായം ഉണ്ടാകും. ആരോഗ്യമേഖലയിൽ പൊതുജന സമ്മതിയുണ്ടാകും. കലാ-സാഹിത്യരംഗത്ത് നൂതന സംരംഭങ്ങൾക്ക് അംഗീകാരം ലഭിക്കും. വെള്ളിയാഴ.ച ശുഭത്വം കൂടും.

മകയിരം: മേലുദ്യോഗസ്ഥന്മാരുടെ പ്രീതി സമ്പാദിക്കും. ശത്രുപദ്രവം കുറയും. ഭാവിയിൽ ഗുണകരമാകുന്ന പദ്ധതികൾക്കു ആലോചനയുണ്ടാവും. വിദേശത്ത് തൊഴിൽ ഉന്നതി, ശമ്പള വർധനവ് ഇവ ലഭിക്കും. ഗൃഹനിർമാണം പൂർത്തിയാക്കും. ഏജൻസി ഇടപാടുകളിൽ ലാഭം വർധിക്കും.

തിരുവാതിര: വിവാഹം നടക്കും. ശാസ്ത്രസാങ്കേതിക വകുപ്പിൽ തൊഴിൽ ഉന്നതിയുണ്ടാകും. വാതരോഗ ക്ലേശമുണ്ടാവും. ഗൃഹത്തിൽ മംഗളകർമം നടക്കും. കലാരംഗത്ത് അപൂർവ ബഹുമതികൾ ലഭിക്കും. സ്ത്രീകൾക്ക് തൊഴിൽ ഉന്നതിയുണ്ടാവും. ഉദരവ്യാധിക്കിടയുണ്ട്.

പുണർതം: റിയൽ എസ്റ്റേറ്റ്, വാഹന ക്രയവിക്രയങ്ങൾ ഇവ ലാഭം നൽകും. അന്യദേശവാസയോഗമുണ്ട്. പുസ്തക പ്രസാധകർക്ക് ലാഭം കൂടും. വിദ്യാർഥികൾക്ക് പരീക്ഷകളിൽ ശോഭിക്കാനാവും. ജലസംബന്ധ വ്യാപാരത്തിൽ ആദായം ഉണ്ടാവും. ആഴ്ചമധ്യം അപ്രതീക്ഷിത ധനലാഭം, വാഹനഭാഗ്യം ഇവ സിദ്ധിക്കും.

പൂയം: ഡോക്ടർ, എൻജിനീയർ ഇക്കൂട്ടർക്ക് പ്രൊഫഷനിൽ ശോഭിക്കാനാവും. സാഹിത്യകാരൻമാർക്കും ഗുണകരമായ ആഴ്ച. കോടതി വ്യവഹാരങ്ങളിൽ വിജയം സിദ്ധിക്കും. ഗുരുജനങ്ങൾക്ക് രോഗാപത്തുകൾക്കിടയുണ്ട്. വാഹന വ്യയം, ധനനഷ്ടം ഇവയുണ്ടാവും. ബുധൻ, ശനി പ്രതികൂലം. ദന്തഡോക്ടർമാരുടെ സേവനം ആവശ്യമായി വരും.

ആയില്യം: അഭീഷ്ടസിദ്ധി, അധികാരപ്രാപ്തി, കലാ-സാഹിത്യ പത്രപ്രവർത്തനരംഗത്ത് വ്യക്തിഗത നേട്ടം ഇവ സിദ്ധിക്കും. ശ്വാസകോശ സംബന്ധ രോഗപീഡയ്ക്കിടയുണ്ട്. ഗൃഹത്തിൽ മംഗളകർമം നടക്കും. വിദേശയാത്രായോഗമുണ്ട്. ദാമ്പത്യസുഖം, സന്താനഗുണം ഇവയുണ്ടാവും. പുരസ്കാരങ്ങൾ ലഭിക്കും.

മകം: നൂതന തൊഴിലിൽ പ്രവേശിക്കാനവസരം ഉണ്ടാവും. മേലധികാരികളുടെ എതിർപ്പു കുറയും. നേത്രരോഗപീഡയുണ്ടാകും. ഇലക്ട്രോണിക് രംഗത്ത് വ്യക്തിഗത നേട്ടം. വസ്ത്രാഭരണ വ്യാപാരികൾക്ക് ആദായം വർധിക്കും. പുണ്യതീർഥാടന യോഗമുണ്ട്. അസൂയാലുക്കൾ പ്രശ്നമുണ്ടാക്കും. വെള്ളി പ്രതികൂലം.

പൂരം: ബിസിനസിൽ മത്സരം ഉളവാകും. സുഹൃത്തുക്കളിൽനിന്നു പ്രതികൂല നടപടികൾ ഉണ്ടാകും. നീചസംസർഗം ആപത്തു ക്ഷണിച്ചുവരുത്തും. പത്രമാധ്യമരംഗത്ത് സ്ഥാനചലന ഭീതിക്കിടയുണ്ട്. ദാമ്പത്യസുഖഹാനി അനുഭവപ്പെടും. ആത്മീയ താത്പര്യം വർധിക്കും. ഞായർ, ബുധൻ ശ്രേയസ്കരം.

ഉത്രം: മേലധികാരികളുടെ അപ്രീതിയുണ്ടാകും. തൊഴിൽ സ്ഥാനചലനം, ധനനഷ്ടം, അപകീർത്തി ഇവയ്ക്കിടയുണ്ട്. വാതരോഗം, അലർജിമൂലം ക്ലേശിക്കും. ഊഹക്കച്ചവടത്തിൽ നേട്ടം കുറയും. വാഹനപരമായി ധനനഷ്ടം ഉണ്ടാകും. ശനിയാഴ്ച പ്രതികൂലം.

അത്തം: ഇലക്ട്രോണിക് മേഖലയിൽ നേട്ടം. ബിസിനസിൽ മത്സരം. മാനസിക സംഘർഷം ഉളവാക്കും. കടബാധ്യതകൾ പരിഹരിക്കും. അന്യദേശത്ത് തൊഴിൽ ഉന്നതി, സ്ഥാനലബ്ദി ഇവയുണ്ടാകും. കലാരംഗത്ത് അംഗീകാരയോഗം. പ്രസാധകർക്ക് ആദായം കൂടും. ആഡംബര വിപണി ലാഭകരം. ദാമ്പത്യത്തിൽ ഐക്യമില്ലായ്മയ്ക്കിടയുണ്ട്.

ചിത്തിര: വിട്ടുവീഴ്ച മനോഭാവമില്ലാതെവന്നാൽ പല ബന്ധങ്ങളും തകരും. വാക്കുകളിൽ സൂക്ഷ്മത പുലർത്തുക. ആരോഗ്യപരമായ തകരാറുകൾ ഉണ്ടാകും. മാതാവിന് നേട്ടം ഉണ്ടാകും. കൃഷിയിൽ ലാഭം കുറയും. നേത്രരോഗം, തലവേ

ദന ഇവ അനുഭവപ്പെടും. സന്താനങ്ങൾക്ക് വിവാഹം, തൊഴിൽ ഉന്നതി ഇവയുണ്ടാകും. തിങ്കളാഴ്ച അഭീഷ്ടസിദ്ധിയുണ്ടാകും.

ചോതി: ശാസ്ത്ര സാങ്കേതികവകുപ്പിൽ സ്ഥാനലബ്ധി. അംഗീകാരയോഗം. ശത്രുപദ്രവം മാനസിക പിരിമുറുക്കത്തിനിടയാക്കും. നൂതന സ്വർണാഭരണ ലാഭമുണ്ടാവും. ഗൃഹത്തിൽ മംഗളകർമം നടക്കും. വിദേശയാത്രയിൽ കാര്യസാധ്യം. ബന്ധുസമാഗമം, ധനനേട്ടം ഇവയുണ്ടാകും.

വിശാഖം: ഗൃഹ, ഭൂമി ഭാഗ്യമുണ്ട്. എതിരാളികൾ നിഷ്പ്രഭരാകും. കംപ്യൂട്ടർരംഗത്ത് വ്യക്തിഗത നേട്ടം. ഊഹക്കച്ചവടം, ക്രയവിക്രയം ഇവ ലാഭം നൽകും. ആഴ്ചമധ്യം ഗുണം കൂടും. മൂത്രാശയസംബന്ധ രോഗപീഡയ്ക്കിടയുണ്ട്. സുഹൃത്ത്ബന്ധം തകരാറിലാവും. വാഹനവ്യയം, തസ്കരഭയം ഇവയ്ക്കിടയുണ്ട്.

അനിഴം: ഗൃഹത്തിൽ മംഗളകർമം നടക്കും. തൊഴിലിൽ ഉന്നതി, ധനനേട്ടം ഇവയുണ്ടാകും. ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണം. സ്വജനശത്രുത, സുഹൃത് വഞ്ചന ഇവയ്ക്കിടയുണ്ട്. മേലധികാരികളുടെ അപ്രീതിയുണ്ടാവാതെ ശ്രദ്ധിക്കണം. ഭാവിയിൽ ഗുണകരമാകുന്ന പദ്ധതികളിൽ ധനം നിക്ഷേപിക്കും. ബുധനാഴ്ച പ്രതികൂലം.

തൃക്കേട്ട: സ്ത്രീകൾ മൂലം മനഃക്ലേശം. ആരോഗ്യഹാനി, കീഴ്ജീവനക്കാർമൂലം തൊഴിലിൽ പ്രശ്നങ്ങൾ ഇവ അനുഭവപ്പെടും. ദാമ്പത്യ സുഖഹാനിയുണ്ടാകും. കോടതി വ്യവഹാരങ്ങൾ പ്രതികൂലമാകും. വാക്കുകളിലും പ്രവൃത്തിയിലും കൂടുതൽ ശ്രദ്ധവേണം. ഉദ്യോഗാർഥികൾക്ക് പ്രതീക്ഷയ്ക്കു വകയുണ്ട്.

മൂലം: അപകീർത്തി, ധനനഷ്ടം, ഉദര, നേത്ര രോഗപീഡ ഇവയുണ്ടാകും. ആലോചിക്കാതെ പ്രവൃത്തിച്ച് ആപത്തുണ്ടാക്കും. വാഹനം മാറ്റിവാങ്ങും. ദൂരദേശയാത്ര ഉണ്ടാകും. പുണ്യതീർഥാടനഭാഗ്യമുണ്ട്. സ്വജനശത്രുതയ്ക്കിടയുണ്ട്. ഇലക്ട്രോണിക് മേഖലയിൽ വ്യക്തിഗത നേട്ടം. തിങ്കൾ, വ്യാഴം ഗുണം കുടും.

പൂരാടം: പത്രമാധ്യമരംഗത്ത് വ്യക്തിഗത നേട്ടം. തൊഴിലിൽ സ്ഥാനചലനം, സാമ്പത്തികമാന്ദ്യം, ശത്രുപദ്രവം ഇവയുണ്ടാകും. ആരോഗ്യകാര്യത്തിൽ ശ്രദ്ധവേണം. സ്ത്രീകൾമൂലം മാനസിക പിരിമുറുക്കം അനുഭവിക്കും. കലാരംഗത്ത് അംഗീകാരയോഗം. സുഹൃത്ത് വഞ്ചനയുണ്ടാകും. ഞായർ പ്രതികൂലം.

ഉത്രാടം: വിദേശത്തുനിന്നു ധനസഹായം ലഭിക്കും. അകന്നു കഴിഞ്ഞിരുന്ന ബന്ധുജനങ്ങൾ സഹായം തേടി എത്തും. ഇലക്ട്രോണിക്രംഗത്ത് വിപ്ലവകരമായ നേട്ടം കൈവരിക്കും. രാഷ്ട്രീയത്തിൽ സ്ഥാനചലനത്തിനിടയുണ്ട്. സാമൂഹ്യരംഗത്ത് ജനസമ്മതി കുറയും. നൂതന സംരംഭത്തിന് നന്നല്ല.

തിരുവോണം: പൂർവികസ്വത്ത് ലഭിക്കും. തൊഴിലിൽ തടസങ്ങൾ അനുഭവപ്പെടും. ഗൃഹനിർമാണം പൂർത്തിയാക്കും. ഉദരവ്യാധിക്കിടയുണ്ട്. കംപ്യൂട്ടർ വിപണനമേഖലയിൽ ആദായം കൂടും. വസ്ത്രാഭരണ വ്യാപാരികൾക്കു ഗുണകരം. വിദ്യാർഥികൾക്ക് രോഗപീഡയുണ്ടാവും. സ്ത്രീകൾക്ക് തൊഴിൽപരമായി നേട്ടം. ചൊവ്വാഴ്ച പ്രതികൂലം.

അവിട്ടം: കരാർ ജോലിക്കാർക്ക് ഗുണം കൂടും. മാതാവിൻെറ ആരോഗ്യത്തിൽ ആശങ്കയുണ്ടാകും. മേലധികാരികളുടെ അപ്രീതിക്കിടയുണ്ട്. സാമ്പത്തിക പ്രതിസന്ധിയുണ്ടാകും. ജലസംബന്ധ ബിസിനസ് ലാഭം നൽകും. ഗൃഹത്തിൽ മംഗളകർമം നടക്കും. കലാ സാഹിത്യമേഖലയിൽ അംഗീകാരം വർധിക്കും. ആഴ്ച ഒടുവിൽ അഭീഷ്ടകാര്യസിദ്ധിയുണ്ടാവും.

ചതയം: ധനനേട്ടം, ശത്രുക്കളുടെമേൽ വിജയം, വാഹനയോഗം ഇവയുണ്ട്. സന്താനഗുണമുണ്ടാവും. ആഡംബരവസ്തുക്കൾ സ്വന്തമാക്കും. സുഹൃത്ത് ഉപദേശത്താൽ മാർഗതടസങ്ങൾ നീങ്ങിക്കിട്ടും. പത്രമാധ്യമരംഗത്ത് വ്യക്തിഗത നേട്ടം. ദാമ്പത്യസുഖം ഉണ്ടാവും. മാതാവിന് ആരോഗ്യഹാനിക്കിടയുണ്ട്. ആത്മീയതാത്പര്യം കൂടും.

പൂരുരുട്ടാതി: വാഹന ക്രയവിക്രയങ്ങൾ ലാഭം നൽകും. ഇൻറർവ്യൂവിൽ വിജയിക്കും. നൂതന തൊഴിൽ ഭാഗ്യം, ധനനേട്ടം ഇവയുണ്ടാവും. മേലുദ്യോഗസ്ഥന്മാരുടെ പ്രീതി സമ്പാദിക്കും. സന്താനങ്ങൾക്ക് മംഗല്യയോഗം, തൊഴിൽഭാഗ്യം. ഷെയർമാർക്കറ്റിംഗ് മേഖലയിൽ അമിത ലാഭം.

ഉതൃട്ടാതി: ആലോചിക്കാതെ പ്രവൃത്തിച്ച് ധനനഷ്ടമുണ്ടാക്കും. തൊഴിൽ തർക്കം പരിഹരിക്കും. ദാമ്പത്യജീവിതം സന്തോഷപ്രദം. അന്യദേശത്തുനിന്നു ശുഭവാർത്ത ലഭിക്കും. കോടതി വ്യവഹാരങ്ങളിൽ അനുകൂല വിധിയുണ്ടാവും. പിതൃഗുണം ഉണ്ടാകും. കലാ സാഹിത്യരംഗത്ത് അപൂർവ ബഹുമതി.

രേവതി: ഗൃഹത്തിൽ മംഗളകർമം നടക്കും. ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധവേണം. ബിസിനസ് ലാഭകരം. പത്രമാധ്യമരംഗത്ത് വ്യക്തിഗത നേട്ടം. ആഡംബര വസ്തുക്കൾ സ്വന്തമാക്കും. ജലസംബന്ധ ബിസിനസിൽ നേട്ടം. സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കും. സ്ത്രീകൾക്ക് തൊഴിൽ ഉന്നതിയുണ്ടാകും.